





# ജനകീയ ഹോട്ടൽ സേവനം- മികച്ച പ്രകടനത്തോടെ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകൾ

20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന 1077 ജനകീയ ഹോട്ടലുകൾ ആരംഭിച്ചതിനെക്കുറിച്ച് നേരത്തേ എഴുതിയിരുന്നുവല്ലോ. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ചുരുങ്ങിയത് ഒരു ഹോട്ടലോ അല്ലെങ്കിൽ ആവശ്യം അനുസരിച്ച് ഹോട്ടലുകളോ ആരംഭിക്കാനാണ് സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീയെ ചുമതലപ്പെടുത്തിയിരുന്നത്. നഗരങ്ങളിൽ പത്ത് വാർഡുകൾക്ക് ഒരു ഹോട്ടൽ ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്നും ഈ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

കേരളത്തിലെ പ്രധാന കോർപ്പറേഷനുകളിലെല്ലാം, ഒരു കോർപ്പറേഷനിൽ ഒരു ഹോട്ടൽ മാത്രം ആരംഭിച്ചാൽ മിതമായ നിരക്കിൽ ഏവർക്കും ഉച്ചഭക്ഷണം ലഭിക്കുകയെന്ന ലക്ഷ്യം നിറവേറ്റാൻ സാധിക്കാതെ വരും. കോർപ്പറേഷനുകളുടെ ഭൂവിസ്തൃതിയും ജനസംഖ്യയും കൂടുതലായുള്ളതിനാലാണ് ഈ ബുദ്ധിമുട്ട് നേരിടുന്നത്. അതിനാൽ തന്നെഏറ്റവും അധികം ജനസംഖ്യയുള്ള നഗരങ്ങളിൽ നഗരസഭയുടെ തീരുമാനം അനുസരിച്ച് ഉചിതമായ അത്രയും ജനകീയ ഹോട്ടലുകൾ ആരംഭിക്കണമെന്ന നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. ഇതനുസരിച്ച് 19 ജനകീയ ഹോട്ടലുകൾ ആരംഭിച്ച തിരുവനന്തപുരം കോർപ്പറേഷനും 13 ജനകീയ ഹോട്ടലുകൾ തുടങ്ങിയ കോഴിക്കോട് കോർപ്പറേഷനും നഗരപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ജനകീയ ഹോട്ടലുകൾ ആരംഭിച്ച ഇടങ്ങ

ളായി മാറിയിരിക്കുകയാണ്. 100 വാർഡുകളുള്ള തിരുവനന്തപുരവും 75 വാർഡുകളുള്ള കോഴിക്കോടും ഈ ഹോട്ടലുകളിലൂടെ ഈ കോവിഡ് കാലത്തും മികച്ച സേവനമാണ് പൊതുജനങ്ങൾക്കേകി വരുന്നത്. 10 ഹോട്ടലുകൾ ആരംഭിച്ച കൊച്ചി കോർപ്പറേഷനും തൊട്ടുപിന്നാലെയുണ്ട്. മറ്റ് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളുമെല്ലാം ആവശ്യമുള്ളിടങ്ങളിലെല്ലാം ജനകീയ ഹോട്ടലുകൾ ആരംഭിക്കാനുള്ള പരിശ്രമം തുടരുകയാണ്.

റാപ്പിഡ് റെസ്പോൺസ് ടീം അംഗങ്ങളും വോളന്റിയർമാരും മുഖേന ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണം എത്തിക്കുന്നതുൾപ്പെടെ കോവിഡ് കാലത്ത് മികച്ച സേവനങ്ങളാണ് ഈ ഹോട്ടലുകൾ നൽകുന്നത്. തിരുവനന്തപുരം കോർപ്പറേഷനിൽ കോവിഡ് രോഗികൾക്കും ക്വാറന്റൈനിൽ കഴിയുന്നവർക്കും 60 രൂപ നിരക്കിൽ മൂന്ന് നേരത്തെ ഭക്ഷണം നൽകുന്ന പ്രവർത്തനവുമുണ്ട്. മേയ് 26 വരെയുള്ള കണക്ക് അനുസരിച്ച് 896 ഹോട്ടലുകൾ ഗ്രാമ പ്രദേശങ്ങളിലും 181 ഹോട്ടലുകൾ നഗരങ്ങളിലുമാണ് ആരംഭിച്ചിരിക്കുന്നത്. ജനങ്ങളുടെ ആവശ്യം അനുസരിച്ച് ജനകീയ ഹോട്ടലുകൾ ആരംഭിക്കാനും അവിടെ മികച്ച സേവനങ്ങൾ നൽകാനും പരിശ്രമിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ!